A

18 **605**

# സമഗ്ര ശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണയം 2022-23

## സാമൂഹ്യശാസ്ത്രം

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിൽ നൽകിയിട്ടുള്ള എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം – 1**



എ) തുറസ്സായ സ്ഥലത്ത് നിൽക്കുന്ന കുട്ടിയുടെ ഒരു ദിവസത്തെ വിവിധ സമയങ്ങളിലെ നിഴലുകളാണ് ചിത്രത്തിൽ കാണുന്നത്. എന്തുകൊണ്ടാണ് ഈ നിഴലുകൾക്ക് വ്യത്യാസം ഉണ്ടാകുന്നത്?

ബി) എന്താണ് പരിക്രമണം? പരിക്രമണത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

സി) ഒരു പരിക്രമണം പൂർത്തിയാക്കാൻ ഭൂമിക്ക് എത്ര ദിവസങ്ങൾ വേണം?

**പ്രവർത്തനം – 2**

**ഓരോ കാലാവസ്ഥാ മേഖലക്കും തനതായ സവിശേഷതകൾ ഉണ്ട്.**

എ) താഴെ കൊടുത്തിരിക്കുന്ന ജീവികളെ അവ ഉൾപ്പെടുന്ന കാലാവസ്ഥാ മേഖലതിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.
(റെയിൻഡീർ, ഒട്ടകം, ധ്രുവക്കരടി, വേഴാമ്പൽ, തേൾ, ഒറാംങ്ങുട്ടാൻ)

| കാലാവസ്ഥാ മേഖല | ജീവികൾ |
|---|---|
| മധ്യരേഖാ കാലാവസ്ഥാ മേഖല | |
| ഉഷ്ണമരുഭൂമികൾ | |
| തുന്ദ്രാമേഖല | |

ബി) മരുപ്പച്ചകളുടെ സവിശേഷതകൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം – 3**

**വിവിധ കാലഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ് ഇന്ത്യയിലെ വാസ്തുവിദ്യാരീതി.**

എ) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യാ ശൈലിയുമായി ബന്ധപ്പെട്ടവ തിരഞ്ഞെടുത്ത് എഴുതുക.

- തുർക്കി, പേർഷ്യ എന്നീ രാജ്യങ്ങളുടെ ശൈലികളും തദ്ദേശീയമായ ശൈലികളും സമന്വയിപ്പിച്ച് ഉണ്ടായ വാസ്തുവിദ്യാശൈലി.
- പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ ഇന്ത്യയിൽ പരിചയപ്പെടുത്തിയ ശൈലി.
- കമാനങ്ങളും താഴികക്കുടങ്ങളും മിനാരങ്ങളും ഈ ശൈലിയുടെ സവിശേഷതകളാണ്.
- കെട്ടിടങ്ങളിൽ അലങ്കാരത്തിന് വേണ്ടി പുഷ്പങ്ങളുടെയും സസ്യങ്ങളുടെയും രൂപങ്ങൾ കൊത്തിവച്ചു.
- കൂർത്ത ഗോപുരങ്ങളും കമാനങ്ങളും ഈ ശൈലിയുടെ മുഖ്യ സവിശേഷതകളാണ്.

ബി) ഇൻഡോ-ഇസ്ലാമിക് ശൈലിയിലും ഗോഥിക് ശൈലിയിലുമുള്ള നിർമിതികൾക്ക് ഓരോ ഉദാഹരണം എഴുതുക.

**പ്രവർത്തനം – 4**

**രണ്ട് അർധഗോളങ്ങളിലും 20 ഡിഗ്രി മുതൽ 30 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിലാണ് ഉഷ്ണമരുഭൂമികൾ.**

എ) മരുഭൂമികളിലെ കാലാവസ്ഥാ സവിശേഷതകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

ബി) പട്ടിക പൂർത്തിയാക്കുക

| മരുഭൂമികൾ | വൻകരകൾ |
|---|---|
| സഹാറ | ആഫ്രിക്ക |
| ഥാർ | .......... |
| .......... | തെക്കേ അമേരിക്ക |
| മൊഹേവ് | .......... |

**പ്രവർത്തനം – 5**

**സി.ഇ. പതിനൊന്നാം നൂറ്റാണ്ടോടെ യൂറോപ്പിൽ നിരവധി നഗരങ്ങൾ ഉയർന്നുവന്നു.**

എ) മധ്യകാല യൂറോപ്പിൽ നഗരങ്ങൾ ഉയർന്നുവരാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?

ബി) മധ്യകാല യൂറോപ്യൻ നഗരങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

പ്രവർത്തനം – 6

**ഭൂമിയിൽ ഒരു സ്ഥലത്തിന്റെ കൃത്യമായ സ്ഥാനം നിർണയിക്കുന്നത് അക്ഷാംശ രേഖാംശ രേഖകൾ അടിസ്ഥാനമാക്കിയാണ്.**

ലോക ഭൂപടത്തിന്റെ കിഴക്കേ അർധഗോളത്തിന്റെ ഒരു ഭാഗമാണ് ഭൂപടത്തിൽ നൽകിയിരിക്കുന്നത്.



എ) നൽകിയിരിക്കുന്ന ഭൂപടം നിരീക്ഷിച്ച് പട്ടികയിലെ രാജ്യങ്ങൾ ഏതൊക്കെ അക്ഷാംശ-രേഖാംശ രേഖകൾക്കിടയിലാണെന്ന് എഴുതുക.

വടക്ക്




| രാജ്യം | അക്ഷാംശരേഖകൾ | രേഖാംശരേഖകൾ |
|---|---|---|
| ഇന്ത്യ | $8^0$ വടക്ക് – $38^0$ വടക്ക് | $68^0$ കിഴക്ക് – $98^0$ കിഴക്ക് |
| നേപ്പാൾ | ................ | ................ |
| ശ്രീലങ്ക | ................ | ................ |
| പാക്കിസ്ഥാൻ | ................ | ................ |

ബി) $0^0$ രേഖാംശരേഖ ഏത് പേരിലാണ് അറിയപ്പെടുന്നത്?

സി) $0^0$ രേഖാംശരേഖയ്ക്ക് എതിർവശത്തുള്ള രേഖാംശരേഖ എത്ര ഡിഗ്രിയിലൂടെയാണ് കടന്നുപോകുന്നത്?

$(0^0, 180^0, 23^1/_2{}^0, 90^0)$

**പ്രവർത്തനം – 7**



എ) മധ്യകാല ഇന്ത്യയിലെ ക്ഷേത്രങ്ങളുടെ നിർമാണം വിവിധ ഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ്. മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ക്ഷേത്രനിർമാണ രീതിയിലുള്ള മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

ബി) ബൃഹദീശ്വരക്ഷേത്രം നിർമിക്കപ്പെട്ടത് ഏത് ചോളരാജാവിന്റെ കാലത്താണ് ?

സി) കാമാഖ്യക്ഷേത്രം ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്?

**പ്രവർത്തനം – 8**

**ഭൂമിയുടെ ഉടമസ്ഥാവകാശം അടിസ്ഥാനമാക്കി മധ്യകാല യൂറോപ്പിൽ രൂപപ്പെട്ട സാമൂഹ്യ വ്യവസ്ഥയാണ് ഫ്യൂഡലിസം.**

എ) മധ്യകാല യൂറോപ്യൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

അവയെ താഴെ നൽകിയിരിക്കുന്ന ഫ്ളോചാർട്ടിൽ ക്രമീകരിക്കുക.

കർഷകർ, പ്രഭുക്കൻമാർ, ഇടപ്രഭുക്കൻമാർ,
രാജാവ്

രാജാവ് → [ ] → [ ] → [ ]

ബി) പ്രഭുക്കൻമാരുടെ കൈവശമുണ്ടായിരുന്ന വിശാലമായ പ്രദേശമാണ് 'മാനർ'.
എന്തൊക്കെ ഉൾപ്പെട്ടതാണ് ഒരു മാനർ?